## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2247** **11-03-2020-ൽ മറുപടിക്ക്**

## ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരികയാണ്. കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| (ബി) | ഇതിലേക്കായി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ അംഗീകൃത ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, 'ULTS' എന്നീ സ്ഥാപനങ്ങൾ വഴിയാണ് മേൽ ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. കോവളത്ത് വിദേശ വനിത കൊല്ലപ്പെട്ടതിനെ തുടർന്ന് കോവളം ടൂറിസം കേന്ദ്രത്തിൽ ആവശ്യമായ ഇടങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സമർപ്പിച്ച പദ്ധതി രൂപരേഖ പോലീസ് അധികാരികൾ മുഖേന വെറ്റ് ചെയ്ത് ടി ടൂറിസം കേന്ദ്രത്തിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇതനുസരിച്ച് ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ ഇതിനോടകം പ്രസ്തുത സംവിധാനം സ്ഥാപിച്ചുവെന്നും എന്ത് തുക ഇതിനായി ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (സി) | കോവളം, വേളി, കനകക്കുന്ന് എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു.<br>കോവളം മേഖലയിൽ മൊത്തം 62.69 ലക്ഷം രൂപയും വേളിയിൽ 37.79 ലക്ഷം രൂപയും കനകക്കുന്നിൽ 135.54 ലക്ഷം രൂപയുമാണ് ക്യാമറകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**